**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 679** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പദ്ധതിയുടെ സിവിൽ നിർമ്മാണ-പ്രവർത്തികൾ 99.7% പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവർത്തികൾ ഇലക്ട്രോമെക്കാ നിക്കൽ പ്രവർത്തികൾക്ക് ശേഷമേ തുടരുവാൻ സാധിക്കുകയുള്ളു. ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ M/s. Sree Saravana Engineering Bhavani Private Ltd- M/s.Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18.03.2015 ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്ന-തിനായി കെഎസ്ഇബിഎൽ, M/s.Sree Saravana Engineering Bhavani Private Ltd., M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022-ൽ ഒപ്പിട്ടു. 22.06.2023- ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരള-യിൽ നിന്ന് തേടിയിരുന്നു. 09.07.2024 ന് നിയമോപദേശം ലഭ്യമാകുകയും അത് പ്രകാരം പ്രസ്തുത കോൺട്രാക്ടറുമായി ചർച്ച നടത്തി മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. എന്നാൽ കോൺട്രാക്ടർ മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യാത്ത പക്ഷം പ്രസ്തുത കോൺട്രാക്ടറുടെ റിസ്ക്&കോസ്റ്റിൽ പുതിയ ടെൻഡർ വിളിച്ച് പൂർത്തീകരിക്കേണ്ടതാണ്. ടി നിയമോപദേശ പ്രകാരം കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സിവിൽ, മെക്കാനിക്കൽ വർക്കുകൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിയിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ടി പദ്ധതിക്കു വേണ്ടി foreign equipment മൂന്നു consignment ആയിട്ടാണ് ഇറക്കുമതി ചെയ്യേണ്ടിയിരുന്നത്. ഇതിൽ ഒന്നും രണ്ടും consignment കളുടെ ഇറക്കുമതി 2017-18- ൽ പൂർത്തീകരിച്ചു. മൂന്നാമത്തെ consignment ഇറക്കുമതി ചെയ്യുന്നതിനായി കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ നടന്നു കൊണ്ടിരിക്കുന്നു. |
| (സി) | സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി കോൺട്രാക്ടറും ചൈനീസ് കൺസോർഷ്യം പാർട്ണറുമായുള്ള ചർച്ചകൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ